**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 531** **11-06-2024 - ൽ മറുപടിയ്ക്ക്**

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച തുക**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. ചാണ്ടി ഉമ്മൻ</td><td colspan="2">ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>2023-24 സാമ്പത്തിക വർഷത്തിൽ പ്രഖ്യാപിച്ച ബഡ്ജറ്റ് വിഹിതത്തിൽ നിന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് എത്ര തുക വിനിയോഗിക്കുന്നതിനാണ് ഇതുവരെ അനുമതി നൽകിയിട്ടുള്ളത്; മെയിന്റനൻസ് ഗ്രാന്റ്, ജനറൽ പർപ്പസ് ഗ്രാന്റ്, പ്ലാൻ ഫണ്ട് എന്നിവയിൽ അനുവദിച്ചതും അനുവദിക്കാനുള്ളതുമായ ആകെ തുകയുടെ വിശദാംശം നൽകാമോ;</td><td>(എ)</td><td>2023-24 സാമ്പത്തിക വർഷം പ്രാദേശിക സർക്കാരുകൾക്ക് ബജറ്റ് വിഹിതമായി 14149.30 കോടി രൂപ വകയിരുത്തിയിരുന്നതിൽ കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ കേന്ദ്രസർക്കാർ സംസ്ഥാനത്തിന് അനുവദിക്കാത്ത തുക ഒഴിച്ചുള്ള ബാക്കിതുകയായ 13447.92 കോടി രൂപ പ്രാദേശിക സർക്കാരുകൾക്ക് വിനിയോഗിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. അനുവദിച്ചതും അനുവദിക്കാനുള്ളതുമായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.
<table>
<tr><td>ഫണ്ടിനം</td><td>ബജറ്റ് വിഹിതം</td><td>അനുവദിച്ച തുക</td><td>അനുവദിക്കാനുള്ള തുക (തുക കോടിയിൽ )</td></tr>
<tr><td>പൊതു ആവശ്യ ഫണ്ട്</td><td>2244.3</td><td>2251.42</td><td>ഇല്ല</td></tr>
<tr><td>സംരക്ഷണ ഫണ്ട്</td><td>3646.99</td><td>3649.91</td><td>ഇല്ല</td></tr>
<tr><td>വികസന ഫണ്ട്</td><td>8258.00</td><td>7546.59</td><td>712.41</td></tr>
<tr><td>ആകെ</td><td>14149.30</td><td>13447.92</td><td>712.41</td></tr>
</table></td></tr>
<tr><td>(ബി)</td><td>2023 ഒക്ടോബർ മാസം മുതൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ബില്ലുകൾ മാറുന്നതിന് ധനവകുപ്പ് നിയന്ത്രണം ഏർപ്പെടുത്തിയിരുന്നോ; വിശദമാക്കുമോ;</td><td>(ബി)</td><td>കേന്ദ്ര സർക്കാരിന്റെ ഭാഗത്തു നിന്നുള്ള നടപടികളുടെ ഭാഗമായി വായ്പ അടക്കമുള്ള സർക്കാർ വരവിൽ ഭീമമായ കുറവ് ഉണ്ടായിട്ടുണ്ട്. ടി സാമ്പത്തിക ഞെരുക്കം പരിഹരിക്കുന്നതിന് വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിച്ച് പോരുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ ദൈനംദിന ലിക്വിഡിറ്റി മാനേജ്മെന്റിനു വേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും സർക്കാർ സ്വീകരിച്ചുവരുന്നു. അതിൽ കവിഞ്ഞുള്ള നിയന്ത്രണങ്ങൾ ഒന്നും ഏർപ്പെടുത്തിയിരുന്നില്ല. അതേസമയം, അഞ്ച് ലക്ഷത്തിനു മുകളിലുള്ള വിതരണക്കാർ/ കോൺട്രാക്ടർ പേയ്മെന്റുകൾക്ക് സർക്കാർ ബി.ഡി.എസ്. സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മറ്റ് ബില്ലുകളെ നിലവിൽ വെയ്സ് ആന്റ് മീൻസ് പരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.</td></tr>
<tr><td>(സി)</td><td>മുൻ സാമ്പത്തിക വർഷത്തിൽ ചെയ്ത പ്രവൃത്തികളുടെ ബില്ലുകൾ</td><td>(സി)</td><td>2023-2024 സാമ്പത്തിക വർഷം ഏറ്റെടുത്തതും ഭൗതികവും സാമ്പത്തികവുമായ നിർവഹണം പൂർത്തിയാകാത്തതുമായ പ്രോജെക്ടുകൾ 2024-2025 വാർഷിക പദ്ധതിയിൽ സ്പിൽ ഓവർ പ്രോജെക്ടുകളായി ഉൾപ്പെടുത്തി ബില്ലുകൾ മാറി</td></tr>
</table>

| | | | |
|---|---|---|---|
| | മാറി നൽകുന്നതിന് എപ്രകാരമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദേശം നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ? | | നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. 2024-2025 ലെ വിഹിതത്തിന് പുറമേ പരമാവധി 20% വരെയുള്ള ക്യാരി ഓവർ തുക കൂടി ഉൾപ്പെടുത്തി പദ്ധതിയുടെ അടങ്കൽ തുക നിശ്ചയിക്കുന്നതിനും അനുവാദം നൽകിയിട്ടുണ്ട്. സോഫ്റ്റ് വെയറുകളിൽ ഇതിനാവശ്യമായ ക്രമീകരണവും വരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ